2025
ജൂൺ
30

# പട്ടങ്ങൾ

ഡിജിറ്റൽ മാസിക

Run By: LITTLE KITEs PPTMYHSS CHERUR

FOLLOW US ON Instagram

website: www.pptmyhss.com Email: pptmyhsscherur@gmail.com

## 442 കുട്ടികളെ ലിറ്റിൽ കൈറ്റ്സ് ടെസ്റ്റിന് ഇരുത്തി റെക്കോർഡ് രചിച്ച് ചേറൂർ പി.പി.ടി.എം.വൈ.എച്ച്.എസ് സ്കൂൾ



**ചേറൂർ:** 2025 - 2028 അധ്യായന വർഷത്തേക്കുള്ള ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൽ അംഗമാവാൻ PPTMYHSS ചേറൂർ സ്കൂളിൽ നിന്നും 479 കുട്ടികളാണ് അപേക്ഷ നൽകിയത്. ഇതിൽ 442 കുട്ടികളെയും ടെസ്റ്റിനിരുത്തി ചേറൂർ യതീംഖാന സ്കൂൾ റെക്കോർഡ് നേടി. ടെസ്റ്റ് നടത്തിപ്പിനായി ഒമ്പതാം ക്ളാസ്സിലെ കൈറ്റ് അംഗങ്ങളെ വോളന്റിയർമാരായി ചുമതലപ്പെടുത്തി . ടെസ്റ്റിൽ പങ്കെടുക്കുന്നവരെ സഹായിക്കാനും ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങളിലും വോളന്റിയർമാർ സജീവമായി പങ്കെടുത്തു. രണ്ടു ലാബുകളിലായി 40 കംപ്യൂട്ടറുകൾ സജ്ജീകരിച്ചാണ് ടെസ്റ്റ് നടത്തിയത് . രാവിലെ 10 മണിക്ക് തുടങ്ങിയ ടെസ്റ്റ് ഉച്ചക്ക് ശേഷം 3 മണിക്ക് അവസാനിച്ചു . സ്കൂൾ ഹെഡ്മാസ്റ്റർ അബ്ദുൽ അസീസ് മാസ്റ്റർ ലാബ് സന്ദർശിച്ചു . കൈറ്റ് മാസ്റ്റർമാരായ നൗഫൽ , നിസാർ അഹമ്മദ് മിസ്ട്രസ്സുമാരായ സബ്‌ന വി എം , ഷാന ബിൻസി എന്നിവർ ടെസ്റ്റ് നടത്താൻ നേതൃത്വം നൽകി.

## നവാഗതരുടെ വരവേൽപ്പ് ഗംഭീരമാക്കി പി പി ടി എം



2025-26 അധ്യയന വർഷത്തിലേക്ക് അഡ്മിഷൻ എടുത്ത കുട്ടികളെ സ്കൂൾ മാനേജ്മെന്റിന്റെയും പി ടി എ യുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ സ്വീകരണം നൽകി. കുട്ടികൾ ലഹരി വിരുദ്ധ പ്രതിജ്ഞ ചെയ്തു, ഹെഡ് മാസ്റ്റർ കെ പി അബ്ദുൽ അസീസ് മാസ്റ്റർ കുട്ടികൾക്ക് പ്രവേശനത്സവ സന്ദേശം നൽകി. എസ് പി സി ,ജെ ആർ സി, ലിറ്റിൽ കൈറ്റ്സ് , സ്കൗട്ട് ആൻഡ് ഗൈഡ് അംഗങ്ങൾ പ്രവേശനോത്സവത്തിനു മാറ്റുകൂട്ടി.

## മെഗാ മെഹന്തി ഫെസ്റ്റ്




സ്കൂൾ പ്രോമോട്ടിങ് ടീമിന്റെയും പ്രവൃത്തി പരിചയ ക്ലബ്ബിന്റെയും നേതൃത്വത്തിൽ ബലി പെരുന്നാളിനോട് അനുബന്ധിച്ചു വിദ്യാർത്ഥി ക്കായി മെഗാ മെഹന്തി ഫെസ്റ്റ് സംഘടിപ്പിച്ചു . ഓരോ ക്ലാസ്സിൽ നിന്നും തിരഞ്ഞെടുത്ത രണ്ടു കുട്ടികൾ വീതമാണ് മത്സരത്തിൽ പങ്കെടുത്തത് . 160 കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു . സ്കൂൾ പ്രോമോട്ടിങ് ടീം അംഗങ്ങളായ മുസ്താഖിമുന്നിസ ടീച്ചർ , സമീർ മാസ്റ്റർ , നബ്ഹാൻ മാസ്റ്റർ , നിസാർ അഹമ്മദ് മാസ്റ്റർ ജനറൽ ക്ലബ് കൺവീനർ അഹമ്മദ് ചെറുവാടി, സ്റ്റാഫ് സെക്രട്ടറി മുനീർ ഉുബ എന്നിവർ ആശംസകൾ നേർന്നു. ഹെഡ്മാസ്റ്റർ വിജയികൾക്ക് സമ്മാനം നൽകി

# പരിസ്ഥിതി ദിനാചരണം





പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് സ്കൂളിലെ സീഡ് പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂളിൽ വിവിധ പരിപാടികൾ നടന്നു . ഹെഡ്മാസ്റ്റർ അബ്ദുൽ അസീസ് വൃക്ഷത്തൈ നാട്ടു. സ്കൗട്ട് & ഗൈഡ് വിദ്യാർത്ഥികൾ പരിസ്ഥിതി ദിന പ്രതിജ്ഞ എടുത്തു . കുട്ടികൾക്കായി ലൈവ് ക്വിസ്സ് മത്സരം നടത്തി . പരിപാടിക്ക് പരിസ്ഥിതി ക്ലബ്ബ് കൺവീനർ സുരേഷ് മാസ്റ്റർ SRG കൺവീനർ മീന കുമാരി ടീച്ചർ , ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ രാജേഷ് മാസ്റ്റർ, ജനറൽ ക്ലബ്ബ് കവീനർ അഹമ്മദ് മാസ്റ്റർ , ഷബീർ മാസ്റ്റർ , നൗഫൽ മാസ്റ്റർ , മുസ്തഫിമുന്നിസ ടീച്ചർ , നബ്ഹാൻ മാസ്റ്റർ , നിതിൻ മാസ്റ്റർ എന്നിവർ നേതൃത്വം നൽകി.

# വിദ്യാരംഗം സാഹിത്യവേദി



ചേറ്റൂർ പി.പി.ടി.എം.വൈ.എച്ച്.എസ്.എസിൽ ഒരാഴ്ച നീണ്ടു നിന്ന വായന വാരാഘോഷത്തിന്റെ സമാപന പരിപാടിയുടെ ഉദ്ഘാടനം ബഹു. വേങ്ങര സബ് ഇൻസ്പെക്ടർ ശ്രീ. സുരേഷ്.കെ നിർവഹിച്ചു. പ്രഥമാധ്യാപകൻ അബ്ദുൽ അസീസ് . കെ.പി അധ്യക്ഷത വഹിച്ചു. വിദ്യാരംഗം കലാ സാഹിത്യവേദി കൺവീനർ നിതിൻ ജവഹർ സ്വാഗതം പറഞ്ഞു. സീനിയർ മലയാളം അധ്യാപകൻ സൈഫുള്ള. കെ. കെ , SRG മീനാ കുമാരി, ക്ലബ് കൺവീനർ അഹമ്മദ് ചെറുവാടി, സ്റ്റാഫ് സെക്രട്ടറി മുനീർ ദുബ, സീഡ് കൺവീനർ സുരേഷ്.ടി, ശ്രീലത, അബ്ദുൽ ഹക്കീം എന്നിവർ ആശംസകൾ നേർന്നു. സന്തോഷ് അഞ്ചൽ യോഗത്തിന് നന്ദിയും പറഞ്ഞു . വിദ്യാർത്ഥികളുടെ സർഗ്ഗശേഷി പരിപോഷിപ്പിക്കുന്നതിന് വേണ്ടി സ്കൂൾ സാഹിത്യവേദി എന്നും കർമ്മ നിരതമാണ്. ചിങ്ങം ഒന്ന്, കർഷക ദിനത്തോടനുബന്ധിച്ച് നമ്മുടെ പൈതൃകവും കാർഷിക സംസ്കാരവും വീണ്ടെടുക്കണമെന്ന ലക്ഷ്യത്തോടെ ഒരു കർഷക സ്ത്രീയെ ആദരിക്കുകയും കൃഷി അനുഭവങ്ങൾ വിദ്യാർത്ഥി സമൂഹത്തോട് അവർ പങ്കുവെക്കുകയും കൃഷിപ്പാട്ട് പാടി ചിങ്ങത്തെ വരവേൽക്കുകയും ചെയ്തു.


പട്ടങ്ങൾ Editorial Board

KP Abdul Azeez (Headmaster)
Noufal A K (SITC)
Noufal AP (Kite Mentor)
Nisar Ahamed KV (Kite Mentor)
Sabna VM (Kite Mentor)
Shana Binsi (Kite Mentor)

Student Editors
Muhammed Sinan
Mahaz Muhammed
Shifin PT
Nimah
Rida Moidu
Hana
Minha


# ലഹരിക്കെതിരെ ബോധവത്കരണ ക്ലാസ്സ്



ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് സ്കൂളിൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി. സ്കൂൾ SPC യൂണിറ്റും, കേരള പോലീസും സംയുക്തമായി ലഹരിക്കെതിരെ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ഹെഡ്മാസ്റ്റർ KP അബ്ദുൾ അസീസ് സർ അധ്യക്ഷനായ യോഗത്തിൽ CPO മുബഷിർ സർ സ്വാഗതം ആശംസിച്ചു. വേങ്ങര SI സുരേന്ദ്രൻ സാർ ക്ലാസ് നയിച്ചു. സ്കൂളിന്റെ ലഹരി വിരുദ്ധ പോസ്റ്റർ ഹെഡ്മാസ്റ്റർക്ക് നൽകി സുരേന്ദ്രൻ സർ പ്രകാശനം ചെയ്തു. തുടർന്ന് പോസ്റ്റർ മേക്കിങ് മത്സരം സംഘടിപ്പിച്ചു. 63 കുട്ടികൾപങ്കെടുത്ത മത്സരത്തിൽ ഫൈഹ PT (10T) ദിയ M(8S) റിംഷാ അക്ബർ (9T) എന്നിവർ യഥാക്രമം 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കി. ഡെപ്യൂട്ടി HM രാജേഷ് സർ, SRG കൺവീനർ മീനാകുമാരി ടീച്ചർ, അദ്ധ്യാപകരായ ദിവ്യ , ശ്രീലക്ഷ്മി , നിതിൻ എന്നിവർ സന്നിഹിതരായിരുന്നു.

# ഡിജിറ്റൽ അച്ചടക്കം



കുട്ടികളിൽ ഡിജിറ്റൽ അച്ചടക്കം വളർത്തുന്നതിനും ഉത്തരവാദിത്വത്തോടെ ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന്റെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്താനും LITTLE KITEs വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സ്കൂളിലെ 80 ക്ലാസ്സുകളിലും കുട്ടികൾക്കും ഡിജിറ്റൽ അച്ചടക്കം എന്ന വിഷയത്തിൽ ക്ലാസുകൾ എടുത്തു . മൊബൈൽ ഫോൺ , ഇന്റർനെറ്റ് , സോഷ്യൽ മീഡിയ എന്നിവ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മര്യാദകൾ , ഡിജിറ്റൽ സംവിധാനങ്ങളുടെ ആവശ്യകത , മോശമായ ഡിജിറ്റൽ ശീലങ്ങൾ , എന്താണ് സോഷ്യൽ മീഡിയ , സോഷ്യൽ മീഡിയയുടെ ഗുണങ്ങൾ , അപകടങ്ങൾ ഭീഷണികൾ എന്നി ഡിജിറ്റൽ അച്ചടക്കത്തിന്റെ മുഴുവൻ മേഖലകളെ കുറിച്ചും കൈറ്റ് അംഗങ്ങൾ സംവദിച്ചു. ഒമ്പതാം ക്ലാസ്സിലെ 81 അംഗങ്ങളെ 10 ഗ്രൂപ്പുകളാക്കി ഡ്യൂട്ടി നിശ്ചയിച്ചു. ഹെഡ്മാസ്റ്റർ അബ്ദുൽ അസീസ് മാസ്റ്റർ പ്രോഗ്രാം ഉത്ഘാടനം ചെയ്തു . കൈറ്റ് മെന്റർമാരായ നൗഫൽ , നിസാർ അഹമ്മദ് , സബ്ന , ഷാന ബിൻസി എന്നിവർ നേതൃത്വം നൽകി.